(ഡി) യാചകരെ പുനരധിവസിപ്പിക്കുന്നതിന് പ്രസ്തുത നഗരങ്ങളിൽ ആവശ്യമായ യാചക ഭവനങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും യാചകവൃത്തിക്കുവരുന്നവരെ പൂർണ്ണമായി അതാത് സംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചയക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) ഇപ്പോൾ ഇത്തരം നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സംസ്ഥാനത്തൊട്ടാകെ ബാധകമാകുന്ന ഒരു ഏകീകൃത യാചകനിരോധന നിയമം കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) കേരളത്തിലെ നഗരങ്ങളിലെ യാചകരിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്ന് കുടിയേറിയവരാണ്. ബസ്സ്/റെയിൽവേ സ്റ്റേഷനുകളിൽ വന്നിറങ്ങുന്നവരെ അവിടെവച്ചുതന്നെ പിടികൂടി അവരവരുടെ സംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കാൻ സംസ്ഥാന പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തിരുവനന്തപുരം, എറണാകുളം, കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ യാചകഭവനുകൾ ഇപ്പോൾതന്നെ പ്രവർത്തിച്ചുവരുന്നു. മറ്റു ജില്ലകളിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ യാചക പുനരധിവാസത്തിനായി യാചകമന്ദിരങ്ങൾ തുടങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

12 (*307) ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. എം.വി ഗോവിന്ദൻമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ-വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ ഹാച്ചറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള ഇറച്ചിക്കോഴികളും മുട്ടക്കോഴികളും ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കോഴികളുടേയും മുട്ടക്കോഴികളുടേയും വരവ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ കോഴിക്കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തതരത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വരവിന് നിയന്ത്രണം ഏർപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്തെ മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ):

(എ) മുട്ടക്കോഴികളുടെയും ഇറച്ചിക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകളിൽ പുതിയ മാതൃ-പിതൃ ശേഖരത്തെ വാങ്ങി വളർത്തുന്നതിനും അത്യുൽപ്പാദനശേഷിയുള്ള മുട്ടകോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് ത്രിതല പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതികൾവഴി കർഷകർക്ക് വിതരണം ചെയ്യുന്നതിനും അതുവഴി വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനും മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇപ്രകാരം ഒരുദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ രണ്ടുമാസം വരെ വളർത്തി വിതരണം ചെയ്യുന്നതിനുള്ള എഗ്ഗർ നഴ്സറി തുടങ്ങിയിട്ടുണ്ട്. കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കുടപ്പനക്കുന്ന് ഫാമിൽ ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ മുട്ട ലഭിക്കുന്നതിനുവേണ്ട പിതൃശേഖരത്തെ വളർത്തിവരുന്നു. ഇപ്പോൾ 15000പിതൃശേഖരത്തെ വളർത്തുന്നുണ്ട്. ഈ പിതൃശേഖരത്തിൽ നിന്നും ലഭിക്കുന്ന മുട്ട ഉപയോഗിച്ച് ആഴ്ചയിൽ 25000 കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് ഒരു ദിവസം കഴിഞ്ഞ് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

(ബി) സർക്കാർതലത്തിൽ പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശമില്ല. കോഴിവളർത്തൽ ഫാമുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയ സാഹചര്യത്തിൽ ചില പഞ്ചായത്തുകൾ പ്രസ്തുത സ്ഥാപനങ്ങളിൽ പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കോഴിവളർത്തൽ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് 5 വർഷംകൊണ്ട് പൂർത്തിയാക്കാവുന്ന ഒരു പ്രോജക്ട് പരിഗണനയിൽ ഉണ്ട്. അത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ആവശ്യമുള്ള ഇറച്ചിക്കോഴികളും മുട്ടക്കോഴികളും ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി)&(ഇ)അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഇറച്ചിക്കോഴികളുടെ വരവിന് കർശനമായി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴികൾക്കും മുട്ടക്കോഴികൾക്കും കർശനമായ ആരോഗ്യപരിശോധന നടത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക്പോസ്റ്റിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. രോഗ പ്രതിരോധ കുത്തിവയ്പുകൾ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകളും മറ്റ് ആധികാരിക രേഖകളും പരിശോധിക്കുന്നുണ്ട്. വിൽപ്പനനികുതി കൃത്യമായും പിരിക്കുന്നതിനും വിൽപ്പനനികുതി അടയ്ക്കാതെ കോഴികളെ കൊണ്ടുവരുന്ന വാഹനങ്ങളുടെ വിവരം റിപ്പോർട്ട് ചെയ്യുവാനും വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ചെക്ക്പോസ്റ്റുകളിലെ ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ കോഴിവളർത്തൽ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു. നടപ്പുവർഷം 35 ലക്ഷം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള കോഴി കുഞ്ഞുങ്ങളെ മൃഗസംരക്ഷണ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ പ്രവർത്തിക്കുന്ന എഗ്ഗർ നേഴ്സിറികളിൽ വളർത്തി ത്രിതല പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതികൾവഴി വിട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് കർഷകർക്ക് വിതരണം ചെയ്യുന്നു. കോഴികളുടെ ആരോഗ്യ സംരക്ഷണം, രോഗപ്രതിരോധ നടപടികൾ എന്നിവ മൃഗാശുപത്രികൾവഴി സൗജന്യമായി സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ കോഴിവളർത്തൽ സംബന്ധിച്ച് കർഷകർക്ക് മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി പരിശീലനം നൽകിവരുന്നു. പാലോട് വെറ്ററിനറി ആന്റ് ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കോഴിരോഗങ്ങൾക്കെതിരെ പ്രതിരോധശക്തി നൽകുന്ന വാക്സിനുകൾ ഉൽപ്പാദിപ്പിച്ച് മൃഗാശുപത്രികൾവഴി കർഷകർക്ക് ലഭ്യമാക്കുന്നു. കേരള കാർഷിക സർവ്വകലാശാല, പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യ, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ ഏജൻസികളുടെ സംയുക്ത സംരംഭം എന്ന നിലയ്ക്ക് ഒരു സംയോജിത കോഴിവളർത്തൽ വികസന പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13 (*308) ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഭൂവിഭവങ്ങളെ ക്രമാതീതമായും അശാസ്ത്രീയമായും ചൂഷണം ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഭൂവിഭവ സംരക്ഷണ വാരം ആചരിക്കാറുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഭൂവിഭവ സംരക്ഷണത്തിന്റെ അപര്യാപ്തതയും പ്രാധാന്യവും സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനായി ഭൂവിനിയോഗബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly